(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ എന്ത് തുകയാണ് കടമായി ഉണ്ടായിരുന്നത് ;

(സി) ഏതെല്ലാം ഇനങ്ങളിലാണ് സംസ്ഥാന സർക്കാർ വായ്പ വാങ്ങിയിട്ടുള്ളത് ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ) :

(എ) നടപ്പ് സാമ്പത്തിക വർഷത്തിൽ 31-12-2005 വരെയുള്ള താൽക്കാലിക കണക്കുകൾ മാത്രമേ അക്കൗണ്ടന്റ് ജനറൽ ക്രോഡീകരിച്ചിട്ടുള്ളൂ. ഇതുൾപ്പെടെ 31-12-2005 വരെ സംസ്ഥാനത്തിന്റെ പൊതുകടം 44350 കോടി രൂപയായി കണക്കാക്കിയിരിക്കുന്നു.

(ബി) 2001-ൽ ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്തിന്റെ പൊതുകടം 23919 കോടി രൂപ ആയിരുന്നു.

(സി) ആഭ്യന്തര വായ്പ, കേന്ദ്ര സർക്കാർ വായ്പ, സ്മോൾ സേവിംഗ്സ്, പ്രോവിഡന്റ് ഫണ്ട് മുതലായ ഇനങ്ങളിലാണ് സംസ്ഥാന സർക്കാർ വായ്പ വാങ്ങിയിട്ടുള്ളത്.

സ്വീവേജ് മാലിന്യം കലർന്നുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾ തടയാൻ നടപടി

14 [*79] ശ്രീ. കെ. മോഹൻ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലസ്ഥാനത്തെ ആക്കുളം കായൽ, പാർവ്വതി പുത്തനാർ, ഉള്ളൂർ തോട് എന്നിവയിൽ സ്വീവറേജ് മാലിന്യം കലർന്ന് ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാകുന്നത് തടയാൻ എന്തെല്ലാം നടപടികളാണ് പരിഗണനയിൽ ഉള്ളത് ;

(ബി) ആക്കുളത്തെ നിർദ്ദിഷ്ട ട്രീറ്റ്മെന്റ് പ്ലാന്റ് എന്നത്തേക്ക് പ്രവർത്തനം ആരംഭിക്കുമെന്ന് അറിയിക്കാമോ ?

ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) വേളി-ആക്കുളം കായൽ പരിസ്ഥിതിക്ക് അനുയോജ്യമാംവണ്ണം ഇപ്പോഴത്തെ ചെളിയും മാലിന്യങ്ങളും സമുദ്ര നിരപ്പിൽ നിന്നും 2.2 മീ. ആഴത്തിൽ കുഴിച്ച് മാറ്റി വ്യത്തിയാക്കി ഈ ജലാശയത്തിലേക്ക് വന്നുചേരുന്ന മാലിന്യങ്ങൾ ശുചീകരിക്കുവാൻ 12-ഉം 13-ഉം എം.എൽ.ഡി. ശേഷിയുള്ള രണ്ട് സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ യഥാക്രമം ഉള്ളൂർ തോടിലും വലിയതുറ സ്വീവേജ് ഫാമിലും സ്ഥാപിക്കുവാൻ പദ്ധതിയുണ്ട്. ആയതിലേക്ക് 24.56 കോടി രൂപയുടെ പദ്ധതി സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ഈ തുകയുടെ 70 ശതമാനം കേന്ദ്ര സർക്കാർ ഗ്രാന്റാണ്. പാർവ്വതി പുത്തനാർ ശുചീകരിച്ച് സമുദ്ര നിരപ്പിൽ നിന്നും 1.75 മീ. ആഴത്തിൽ ചെളി നീക്കുന്നതിന് 499 ലക്ഷം രൂപയുടെ പദ്ധതി സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ഇതിൽ 325.998 ലക്ഷം രൂപ കേന്ദ്ര സർക്കാർ ഗ്രാന്റാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കാനാവശ്യമായ സ്ഥലം ലഭ്യമായിട്ടില്ല. ആയതിനാൽ ഈ പ്ലാന്റ് എന്നത്തേക്ക് പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്ന് ഇപ്പോൾ പറയുവാൻ കഴിയുകയില്ല.

സംസ്ഥാനത്തിന്റെ പൊതു കടം

15 [*80] ശ്രീ. പി. നാരായണൻ :

,, കെ. പി. രാജേന്ദ്രൻ :

,, ബിനോയ് വിശ്വം :

,, പി. എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ പൊതു കടം ഇപ്പോൾ എത്രയാണ് എന്ന് വ്യക്തമാക്കാമോ ;

(ബി) 2001 മേയ് മാസത്തിനുശേഷം സംസ്ഥാനത്തിന്റെ പൊതു കടം ഇതുവരെയായി എത്ര വർദ്ധിച്ചിട്ടുണ്ട് ;

(സി) പൊതു കടം വർദ്ധിക്കുന്നതിനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കുമോ ;

(ഡി) കടം കുറച്ചുകൊണ്ടു വരുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഇ) കടം തിരിച്ചടയ്ക്കുന്നതിന് എന്തൊക്കെ നടപടികൾ ഇപ്പോൾ സ്വീകരിച്ചു വരുന്നു എന്ന് വ്യക്തമാക്കാമോ ;

(എഫ്) കടം വാങ്ങിയ ഇനത്തിൽ സംസ്ഥാന സർക്കാർ നൽകേണ്ട പലിശ തുക എത്രയാണ് ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ) :

(എ) നടപ്പ് സാമ്പത്തിക വർഷത്തിൽ 31-12-2005 വരെയുള്ള താൽക്കാലിക കണക്കുകൾ മാത്രമേ അക്കൗണ്ടന്റ് ജനറൽ ക്രോഡീകരിച്ചിട്ടുള്ളു. ഇതുപ്രകാരം 31-12-2005 വരെയുള്ള സംസ്ഥാനത്തിന്റെ പൊതു കടം 44350 കോടി രൂപ ആയി കണക്കാക്കിയിരിക്കുന്നു.

(ബി) 1-4-2001-നുശേഷം സംസ്ഥാനത്തിന്റെ പൊതു കടത്തിൽ 20431 കോടി രൂപയുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട് എന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു.

(സി) കഴിഞ്ഞ കുറെ വർഷങ്ങളായി പദ്ധതി ചെലവ് ഏതാണ്ട് പൂർണ്ണമായും കണ്ടെത്തുന്നത് ആസൂത്രണ കമ്മീഷന്റെ അനുമതിയോടെ എടുക്കുന്ന വിവിധ വായ്പകളിലൂടെയാണ്. ഓരോ വർഷവും വർദ്ധിച്ച തോതിലുള്ള വാർഷിക പദ്ധതി ആവിഷ്കരിച്ചു നടപ്പാക്കുന്നതിനാലാണ് പൊതു കടം വർദ്ധിക്കുന്നത്. കൂടാതെ മുൻ ബാദ്ധ്യതകൾ തീർത്തതിനാലും വൈദ്യുതി ബോർഡിന്റെ ബാദ്ധ്യത ഏറ്റെടുത്തതും വൈദ്യുതി ബോർഡിന് 'സബ്സിഡി' നൽകിയതും പൊതു കടം വർദ്ധിക്കാൻ ഇടയാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly